പതിനാലാം കേരള നിയമസഭ

ഒൻപതാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം.390 — 23.01.2018 ൽ മറുപടിയ്ക്ക്

സിവിൽ സപ്ലൈസ് വകുപ്പ് വഴി വിതരണം ചെയ്യുന്ന ഭക്ഷ്യോത്പന്നങ്ങൾ

| ചോദ്യം | ഉത്തരം |
|---|---|
| ശ്രീ.രാജു എബ്രഹാം | ശ്രീ. പി. തിലോത്തമൻ<br>(ഭക്ഷ്യവും സിവിൽ സപ്ലൈസും വകുപ്പ മന്ത്രി) |
| (എ) സിവിൽ സപ്ലൈസ് വകുപ്പ് വഴി എന്തൊക്കെ ഭക്ഷ്യോത്പന്നങ്ങളാണ് സബ്സിഡി നിരക്കിൽ നിലവിൽ വിതരണം ചെയ്യുന്നത് എന്ന് വ്യക്തമാക്കാമോ;<br><br>(ബി) ഓരോ ഭക്ഷ്യോത്പന്നത്തിന്റെയും മാർക്കറ്റ് വിലയും സിവിൽ സപ്ലൈസ് വകുപ്പിന്റെ വിലയും വിതരണം ചെയ്യുന്ന അളവും വ്യക്തമാക്കാമോ; | (എ) യും (ബി) യും അരി, ഗോതമ്പ്, ആട്ട തുടങ്ങിയ ഭക്ഷ്യവസ്തുക്കൾ റേഷൻ കടകൾ വഴിയും വിവിധ ഇനങ്ങളിലുള്ള അരി, പയറുവർഗ്ഗങ്ങൾ എന്നിവ സപ്ലൈകോയുടെ ഔട്ട് ലെറ്റുകളിലൂടെയും സബ്സിഡി നിരക്കിൽ വിതരണം ചെയ്തു വരുന്നു. പ്രസ്തുത ഭക്ഷ്യധാന്യങ്ങളുടെ സബ്സിഡി വിലയും മാർക്കറ്റ് വിലയും സംബന്ധിച്ച വിവരം അനുബന്ധമായി ചേർത്തിരിക്കുന്നു. |
| (സി) സബ്സിഡി നിരക്കിൽ വിതരണം ചെയ്യുന്ന ഭക്ഷ്യോത്പന്നങ്ങളുടെ ഗുണ നിലവാരം ഉറപ്പാക്കാൻ എന്തൊക്കെ നടപടികളാണ് സ്വീകരിച്ചിട്ടുള്ളത് എന്നും വ്യക്തമാക്കാമോ? | (സി) ഡിപ്പോതലത്തിലുള്ള ക്വാളിറ്റി അഷ്വറൻസ് കമ്മിറ്റി, ഡിപ്പോകളിൽ എത്തുന്ന ഭക്ഷ്യവസ്തുക്കളുടെ ഗുണനിലവാരം നിയമ വിധേയമാണെന്ന് ഉറപ്പുവരുത്തുന്നതിന് പരിശോധന നടത്തിയാണ് ഉത്പന്നങ്ങൾ സ്വീകരിക്കുന്നത്. ആവശ്യമെങ്കിൽ ഇവയുടെ സാമ്പിളുകൾ റീജിയണൽ അനലിറ്റിക്കൽ ലാബിലോ, NABL (National Accreditation Board for Testing and Calibration Laboratories) അംഗീകാരമുള്ള ലാബിലോ പരിശോധന നടത്തിവരുന്നു. എല്ലാ ഭക്ഷ്യവസ്തുക്കളും റാൻഡമായി സാമ്പിളെടുത്ത് പത്തനംതിട്ട കോന്നിയിലുള്ള CFRD –യിൽ പരിശോധന നടത്തിവരുന്നു. പാക്കറ്റ് ഇനങ്ങൾക്ക് ISO 22000 / HACCP (Hazard Analysis and Critical Control Point)/ AGMARK/ |

FSSAI (Food Safety and Standards Authority of India) ഗുണ നിലവാരം ഉറപ്പാക്കിയിട്ടുണ്ട്. ഡിപ്പോതല പരിശോധനയിന്മേൽ അപ്പീലുകൾ ലഭിച്ചാൽ ഹെഡ് ഓഫീസ് തലത്തിലുള്ള അപ്പലേറ്റ് കമ്മിറ്റി ചേർന്ന് (എക്സ്റ്റേണൽ എക്സ്പേർട്ടിനെ ഉൾപ്പെടുത്തി) ഗുണനിലവാര പരിശോധന നടത്തി നടപടി സ്വീകരിച്ചു വരുന്നു.

സെക്ഷൻ ഓഫീസർ

# അനുബന്ധം

| ക്രമ നമ്പർ | ഇനം | സപ്ലൈകോ യിലെ നിലവിലെ സബ്സിഡി വില (രൂപ കി.ഗ്രാമിന്) | പൊതു വിപണി വില (as per Economics and Statistics Dept of 16/01/2018 (per Kg) | സപ്ലൈകോ വിലയും പൊതുവിപണി വിലയും തമ്മിലുള്ള വ്യത്യാസം | വ്യത്യാസം ശതമാനത്തിൽ | ഒരു റേഷൻകാർഡിന് ഒരുമാസം അനുവദിച്ച അളവ് |
|---|---|---|---|---|---|---|
| 1 | ചെറുപയർ | 56.00 | 84.36 | 28.36 | 33.62% | 1 Kg |
| 2 | ഉഴുന്ന് ബോൾ | 58.00 | 84.50 | 26.50 | 31.36% | 1 Kg |
| 3 | വൻകടല | 43.00 | 90.21 | 47.21 | 52.33% | 1 Kg |
| 4 | വൻപയർ | 45.00 | 71.57 | 26.57 | 37.12% | 1 Kg |
| 5 | തുവര പരിപ്പ് | 60.00 | 84.36 | 24.36 | 28.88% | 1 Kg |
| 6 | മുളക് | 65.00 | 99.36 | 34.36 | 34.58% | ½ Kg |
| 7 | മല്ലി | 69.00 | 90.71 | 21.71 | 23.93% | ½ Kg |
| 8 | പഞ്ചസാര | 22.00 | 39.14 | 17.14 | 43.79% | 1 Kg |
| 9 | വെളിച്ചെണ്ണ | 90.00 | 240.57 | 150.57 | 62.59% | 1/2 ലിറ്റർ |
| 10 | ജയ അരി | 25.00 | 39.46 | 14.46 | 36.64% | എല്ലാ ഇനവും കൂടി 10 Kg |
| 11 | കുറുവ അരി | 25.00 | 37.57 | 12.57 | 33.46% | |
| 12 | മട്ട അരി | 24.00 | 42.00 | 18.00 | 42.86% | |
| 13 | പച്ചരി | 23.00 | 30.93 | 7.93 | 25.64% | |
| 14 | ആന്ധ്ര ഇതര ജയ അരി | 25.00 | 36.00 | 11.00 | 30.56% | |